# സെൻറ് സെബാസ്റ്റ്യൻസ് യു.പി സ്കൂൾ കാപ്പാട്
## കൊളക്കാട് പി.ഒ



# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് സെബാസ്റ്റ്യൻസ് യു.പി സ്കൂൾ കാപ്പാട് |
| വിലാസം | : | കൊളക്കാട് പി.ഒ , പിൻ-670673 |
| വിദ്യാഭ്യാസ ജില്ല | : | തലശ്ശേരി |
| റവന്യൂ ജില്ല | : | കണ്ണൂർ |
| വർഷം | : | 2025-26 |
| വില്ലേജ് | : | കണിച്ചാർ |
| താലൂക്ക് | : | ഇരിട്ടി |
| സി.ആർ.സി | : | കണിച്ചാർ |
| പഞ്ചായത്ത് | : | കണിച്ചാർ |
| ബ്ലോക്ക് | : | പേരാവൂർ |
| ഹെഡ്മിസ്ട്രസ് | : | ശ്രീമതി. ജാൻസി തോമസ് |
| മാനേജ്മെന്റ് | : | അതിരൂപത വിദ്യാഭ്യാസ ഏജൻസി തലശ്ശേരി |
| മാനേജർ | : | റവ. ഫാ. സോണി വടശ്ശേരി |
| ലോക്കൽ മാനേജർ | : | റവ.ഫാ.തോമസ് പട്ടാംകുളം |
| കുട്ടികളുടെ എണ്ണം | : | 262 |
| അധ്യാപകരുടെ എണ്ണം | : | 19 |
| ഫോൺ | : | 9846722621 |

# ആമുഖം

കണ്ണൂർജില്ലയുടെ കിഴക്കൻ മലയോരപ്രദേശമായ കണിച്ചാർ പഞ്ചായത്തിലെ കൊളക്കാട് എന്ന ഗ്രാമത്തിന്റെ വിദ്യാലയ മുത്തശ്ശിയായി വിരാചിക്കുകയാണ് കാപ്പാട് സെന്റ് സെബാസ്റ്റ്യൻസ് യു പി സ്കൂൾ. മലനിരകൾക്ക് മകുടമാകുന്ന ഈ വിദ്യാലയം കുടിയേറ്റജനതയുടെ അക്ഷരക്കൂട്ടായിരുന്നു. കാലമേൽപ്പിച്ച വളർച്ചയുടെ നാമ്പുകളെ ആവോളം പുഷ്ടിപ്പെടുത്തുന്നതിന് ഒരു ജനത കാട്ടിയ ആത്മാർത്ഥതയുടെ തെളിവാണ് ഇന്നത്തെ ഈ വിദ്യാലയത്തിന്റെ തലയെടുപ്പ്. നാളേയ്ക്കായി കരുതലോടെ ചുവടുവയ്ക്കുന്ന ഈ വിദ്യാലയത്തിന് കാലത്തിനനുസരിച്ചുള്ള മാറ്റപ്പെടലുകളും ത്വരിതവളർച്ചയും ആവശ്യം തന്നെ. അക്കാദമികവും ഭൗതികവും സാമൂഹികവുമായ പരിവർത്തനങ്ങൾക്ക് പൊതുവിദ്യാലയസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പരിശ്രമിക്കുന്ന ഘട്ടത്തിലാണ് ഇപ്പോൾ വിദ്യാലയത്തിന്റെ സർവ്വസ്വവും.

ഒന്നുമുതൽ ഏഴുവരെ ക്ലാസ്സുകളിൽ ഇംഗ്ലീഷ് മലയാളം മീഡിയങ്ങളിൽ രണ്ട് വീതം ഡിവിഷനുകളിലായി 262കുട്ടികൾ ഇന്ന് വിദ്യ നേടുന്ന ഈ ആലയം സ്ഥാപിതമായത് 1957ൽ റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലിന്റെ ശ്രമഫലമായാണ്.ഇപ്പോൾ 19 അധ്യാപകരും 2 മറ്റ് ജീവനക്കാരുമടങ്ങുന്നതാണ് ഈ വിദ്യാലയത്തിന്റെ ഉദ്യോഗസ്ഥ വൃന്ദം.


പ്രാദേശികമായ ഒട്ടേറെ പരിമിതികൾ ഉൾപ്പെടുന്ന പ്രദേശമായതിനാൽ തന്നെ കുട്ടികളുടെ യാത്രാക്ലേശം ഈ വിദ്യാലയത്തിന്റെ വലിയൊരു പരിമിതിയായി ഇപ്പോഴും നിലനിൽക്കുന്നു. പ്രദേശത്തിന്റെ സാമ്പത്തികമായ പിന്നോക്കാവസ്ഥയും ഈ വിദ്യാലയത്തിന്റെ പരിമിതിതന്നെയാണ്.

അതിരൂപതാതലത്തിൽ മികച്ചവിദ്യാലയത്തിനുള്ള പുരസ്കാരം നേടിയ ഈ വിദ്യാലയം, സാമൂഹ്യശാസ്ത്ര മേളയിൽ വർഷങ്ങളായി സംസ്ഥാനതലത്തിൽ സമ്മാനാർഹമാകുന്ന ജില്ലയിലെ ഒരു വിദ്യാലയം കൂടിയാണ്. കൂടാതെ കായികരംഗത്തും കലാരംഗത്തും മികച്ച ഓർമ്മപ്പെടുത്തലായി ഈവിദ്യാലയം ചരിത്രത്തിൽ ഇടം നേടുന്നു.




## കാഴ്ചപ്പാട്

ഒരു പ്രദേശത്തിന്റെ സ്പന്ദനമായി, നാളെയുടെ കരുത്തായി കാലമേല്പിച്ച ഉത്തരവാദിത്വം പരമാവധി വിനിയോഗിച്ചുകൊണ്ട്, ആത്മവിശ്വാസവും സാമൂഹ്യാവബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന്, ശിശുസൗഹൃദപരമായ അന്തരീക്ഷം നിലനിർത്തിക്കൊണ്ട് പരിശ്രമിക്കുന്നതിന് ഈ വിദ്യാലയം പ്രതിജ്ഞാബദ്ധമാണ്. ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പരമാവധി വിനിയോഗിച്ചുകൊണ്ട് കാലത്തിനൊപ്പം സഞ്ചരിച്ച്, പഠനപ്രക്രിയകളെ അനായാസം കുട്ടികളിലെത്തിക്കുന്നതിനും, അതിലൂടെ അറിവിന്റെ അനന്ത വിഹായസ്സിലേയ്ക്ക് തലമുറയെ നയിക്കുന്നതിനും ഈ വിദ്യാലയം പരിശ്രമിക്കുന്നു.

## ഭൗതീകം

ആധുനിക സൗകര്യങ്ങളുള്ള അടുക്കള

ആധുനികഭക്ഷണശാല

ജൈവപച്ചക്കറി കൃഷി

ജലശുദ്ധീകരണകുടിവെള്ള പദ്ധതി

മാലിന്യ നിർമ്മാർജ്ജനം

ഗേറ്റ് കമാനമാതൃകയിൽ

മൺതിട്ട തട്ടുകളാക്കി തിരിച്ച് ഹരിതാഭമാക്കുക

ഔഷധത്തോട്ടവും പൂന്തോട്ടവും മെച്ചപ്പെടുത്തുക

മരങ്ങളുടെ തണലിൽ ഇരിപ്പിടം ക്രമീകരിക്കുക

മൂന്നാം നിലയിലെ ഹാൾ ഷട്ടർ ഇട്ട് തിരിക്കുന്നു

ഓപ്പൺ സ്റ്റേജിനു മുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം

ലാബ് & ലൈബ്രറി

തിയേറ്റർ മാതൃകയിൽസ്മാർട്ട് ക്ലാസ്സ് മുറികൾ

ഹരിതവത്ക്കരിച്ച കളിസ്ഥലം

## സാമൂഹികം

ക്ലാസ്സ് പി.ടി.എ

പി.ടി.എ എക്സിക്യൂട്ടീവ് യോഗങ്ങൾ

പ്രാദേശിക പി.ടി.എ

രക്ഷിതാക്കൾക്ക് പഠന ക്ലാസ്സുകൾ

ജീവകാരുണ്യ പ്രവർത്തനങ്ങൽ

രോഗികൾക്ക് സഹായം

സാധുജന സഹായം

പഠനോപകരണനിർമ്മാണം

പ്ലാസ്റ്റിക് നിർമ്മാർജ്ജനം

വിനോദയാത്ര

കുട്ടികളുടെ കലാജാഥ

പ്രാദേശിക പരിസ്ഥിതി പ്രവർത്തനങ്ങൾ

ആരോഗ്യ സർവ്വേ

ലഹരിവിമുക്ത പ്രവർത്തനങ്ങൾ




## പ്രവർത്തനം

കൃഷിവകുപ്പിന്റെ സഹകരണത്തോടെ വിദ്യാലയ പരിസരം പരിസ്ഥിതി സൗഹൃദമാക്കി മാറ്റുക എന്നതാണ് ഈ പ്രവർത്തനത്തിലൂടെ ഉദ്ദേശിക്കുന്നത്. കുട്ടികളുടേയും രക്ഷിതാക്കളുടേയും പി ടി എ എക്സിക്യുട്ടീവ് കമ്മിറ്റി അംഗങ്ങളുടേയും സഹകരണം ഈ പദ്ധതിയിൽ അനിവാര്യമാണ്. സ്കൂൾമൈതാനത്തിന്റെ വശങ്ങളിൽ മനോഹരമായ പൂന്തോട്ടവും തണൽമരങ്ങളും വെച്ചുപിടിപ്പിക്കുകയും അവിടെ കുട്ടികൾക്ക് സൗകര്യപ്രദമായി ഇരുന്ന് പഠിക്കാൻ ആവശ്യമായ ഇരിപ്പിടങ്ങൾ സൃഷ്ടിക്കുകയും ചെയ്യുകയാണ് പദ്ധതി. വശ്യസുന്ദരമായ അന്തരീക്ഷത്തിൽ കുട്ടികൾക്കും സ്കൂളിൽ എത്തുന്ന ഏതൊരാൾക്കും ആകർഷകമായ ജൈവ വൈവിദധ്യ ഉദ്യാനത്തിന് കൃഷിവകുപ്പിന്റെ പ്രത്യേക ശ്രദ്ധയും മാർഗ നിർദ്ദേശങ്ങളും ഉറപ്പുവരുത്തും. ആവശ്യമായ ജൈവവളങ്ങൾ രക്ഷാകർത്താക്കളുടെ സഹായത്തോടെ കുട്ടികൾ വീടുകളിൽനിന്ന് എത്തിക്കുകയും അത് ഉപയോഗിക്കുകയും ചെയ്യും .കൂടാതെ ആവശ്യമായ ജൈവ കീടനാശിനിയും മറ്റ് സാമഗ്രികളും സ്കൂളിൽ നിർമ്മിക്കുകയോ വാങ്ങുകയോ ചെയ്യും.

കാലയളവ് 2വർഷം

വിലയിരുത്തൽ : പി.ടി.എ പ്രസിഡണ്ട്, കൃഷിഓഫീസർ, ഹെഡ്മിസ്ട്രസ്, പരിസ്ഥിതി ക്ലബ് കൺവീനർ

പ്രതീക്ഷിത ചിലവ് : 10,000 (പതിനായിരം രൂപ)

സാമ്പത്തിക സ്രോതസ്സ് : കൃഷിവകുപ്പ്, പി. ടി. എ



# അക്കാദമിക പ്രവർത്തനങ്ങൾ

## ഭാഷ

അക്ഷരങ്ങളും ചിഹ്നങ്ങളുമുറപ്പിക്കുന്നതിന് കൂടുതൽ പ്രവർത്തനങ്ങൾ

പത്രങ്ങളിൽ നിന്ന് കൊളാഷ്, പദക്കാർഡ് വായന, വാക്യനിർമ്മാണം, ചിത്രത്തിന് അടിക്കുറിപ്പ്, കഥാരചന, കവിതാരചന, കഥാപുസ്തകവായന.

ആഴ്ച്ചയിൽ രണ്ടു ദിവസം മലയാളഭാഷയിൽ അസംബ്ലി കുട്ടികൾക്ക് നേതൃത്വം നൽകുന്നതിനവസരം നൽകുന്നു. കഥ, കവിത, ആസ്വാദനക്കുറിപ്പ് (കേട്ടെഴുത്ത്, പകർത്തിയെഴുത്ത്, ഡയറിക്കുറിപ്പ്) പത്രവാർത്ത (വിദ്യാഭ്യാസപരമായി പ്രാധാന്യമുള്ള വാർത്തകളുടെ അവതരണം) ദിനാചരണങ്ങൾ.

**അമ്മ മലയാളം**
(അമ്മമാർക്കായി പ്രത്യേക ഭാഷാ പരിപോഷണ പദ്ധതികൾ)

ലൈബ്രറി രൂപീകരണം

അമ്മമാർക്കായി സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തുകയും പുസ്തകവിതരണം അമ്മമാരെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

രചനാമത്സരങ്ങൾ-അമ്മമാർക്കായി വ്യത്യസ്ഥങ്ങളായ സാഹിത്യ രചനാ മത്സരങ്ങൾ.

വളരുന്ന സൃഷ്ടികൾ-അമ്മമാരുടെ രചനങ്ങൾ ശേഖരിക്കുന്നു, പ്രദർശിപ്പിക്കുന്നു.

## രചനാശില്പശാലകൾ

കഥ, കവിത, നാടകം, പോസ്റ്റർ, ആസ്വാദനക്കുറിപ്പ്, വിശകലനക്കുറിപ്പ് ... മുതലായവയിൽ രചനാ ശില്പശാലകൾ സംഘടിപ്പിക്കുകയും നല്ല രചനകളെ ഉപയോഗപ്പെടുത്തി കയ്യെഴുത്ത് മാസികകളും പതിപ്പുകളും തയ്യാറാക്കുകയും ചെയ്യുക.

## ചുവർ പത്രിക

ക്ലാസ്സുകളിലെ ഭാഷാപഠനപ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെട്ട രചനകളെ ഉൾപ്പെടുത്തി എല്ലാ കുട്ടികൾക്കും കാണുന്നവിധത്തിൽ ചുവർ പത്രിക തയ്യാറാക്കുന്നു. മാതൃകാപരമായി രചനകളിൽ ഏർപ്പെടുന്നതിനുള്ള പ്രചോദനം ഇതിലൂടെ കുട്ടികൾക്ക് ഉണ്ടാകുന്നു.

## അക്ഷരത്തോണി

പ്രാദേശികമായി രക്ഷാകർത്താക്കളേയും പൂർവ്വ വിദ്യാർത്ഥികളായ സേവനതത്പരരേയും കുട്ടികളേയും ഉൾപ്പെടുത്തി രൂപീകരിക്കുന്ന അയൽക്കൂട്ടമാണ് അക്ഷരത്തോണി. ഭാഷ ശരിയായി എഴുതുവാനും വായിക്കുവാനും ഉച്ചരിക്കുവാനും സാധിക്കാത്ത കുട്ടികളെ ആഴ്ചയിൽ രണ്ട് ദിവസം ഒന്നിച്ചുകൂട്ടുകയും പരശീലനം ന്ല്കുകയും ചെയ്യുന്നു. രക്ഷിതാക്കൾ അധ്യാപകർ എന്നിവരുടെ പ്രതിനിധികളുടെ സാന്നിധ്യം ഇതിൽ ഉണ്ടാകേണ്ടതാണ്. കുട്ടികൾക്കുള്ള ലഘുഭക്ഷണം രക്ഷിതാക്കൾ എത്തിച്ചുനല്കുകയും ചെയ്യുന്നു.

## കയ്യെഴുത്തു മാസിക

കുട്ടികളിൽ നിന്ന് പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാകുന്നതും പ്രത്യേകമായി സൃഷ്ടിക്കുന്നതുമായ സർഗസൃഷ്ടികളെ ഉൾപ്പെടുത്തി മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ ക്ലാസ്സ് തലത്തിൽ കയ്യെഴുത്ത് മാസികകൾ നിർമ്മിക്കുന്നു.ഇത് രക്ഷിതാക്കൾക്കും മറ്റ് കുട്ടികൾക്കും പൊതുജനങ്ങൾക്കുമായി പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

## മഷിത്തണ്ട്- കുട്ടികളുടെ പത്രം

കുട്ടികളിൽ നിന്നും ലഭിക്കുന്ന പ്രസിദ്ധീകരണ യോഗ്യമായ സൃഷ്ടികളേയും സ്കൂളിലെ മാതൃകാപരമായ പ്രവർത്തനങ്ങളേയും ഉൾപ്പെടുത്തി പൊതുജനങ്ങൾക്കായി മഷിത്തണ്ട് എന്ന പേരിൽ പത്രം പ്രസിദ്ധീകരിക്കുന്നു. ഇതിനുള്ള സാമ്പത്തികം പരസ്യദാതാക്കളെ കണ്ടെത്തി അതിലൂടെ സമാഹരിക്കുന്നു. 35000(മുപ്പത്തയ്യായിരം) രൂപയാണ് ഒരുവർഷത്തെ മൂന്ന് പത്രപ്രസിദ്ധീകരണത്തിനായി ആവശ്യമായി വരിക. ഇതിലൂടെ സ്കൂളിനെക്കുറിച്ച് സ്കൂളിൽ നടക്കുന്ന പ്രവർത്തനത്തെക്കുറിച്ചും, പൊതുജനങ്ങൾക്കിടയിൽ ധാരണ വരുന്നതിനും അവബോധമുണ്ടാകുന്നതിനും ഇടവരുത്തുന്നു.

## അക്ഷരത്തോണി

അയൽക്കൂട്ട രൂപീകരണം,

കുട്ടികളുടെ പഠനം കാര്യക്ഷമമാക്കുന്നതിനും അവരെ കൂടുതൽ അടുത്തറിയുന്നതിനും നാടുമായി വിദ്യാലയത്തെ കൂടുതൽ അടുപ്പിക്കുന്നതിനുമായി നടത്തുന്ന പ്രവർത്തനമാണ് അക്ഷരത്തോണി എന്ന അയൽക്കൂട്ട രൂപീകരണ പദ്ധതി. പ്രാദേശിക വിദഗ്ദരേയും രക്ഷിതാക്കളേയും പൂർവ്വവിദ്യാർത്ഥികളേയും ഉൾപ്പെടുത്തി സ്കൂൾ പരിധിയിലെ വ്യത്യസ്ഥ സ്ഥലങ്ങളിൽ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം തയ്യാറാക്കുന്ന പാഠ്യവസ്തുവിന്റെ അടിസ്ഥാനത്തിൽ ആഴ്ചയിൽ ഒരുദിവസം സമ്മേളിക്കുകയും പഠനപ്രവർത്തനങ്ങളും കളിയും പ്രാദേശിക പരിഗണന നല്കിക്കൊണ്ട് നടത്തുകയും ചെയ്യുന്നു. കളിക്ക് പ്രാധാന്യം നല്കി പഠനത്തെ സ്വാഭാവികമായി സാധ്യമാക്കുന്ന രീതിയിൽ പഠനപ്രവർത്തനങ്ങൾ അധ്യാപകർ തയ്യാറാക്കി നല്കേണ്ടതാണ്. പിന്നാക്കം നില്ക്കുന്ന കുട്ടികളെ പ്രത്യേകം ലക്ഷ്യം വെച്ച് നടത്തുന്ന പരിപാടിയാണെങ്കിലും മറ്റുള്ള കുട്ടികളേയും ഇതിൽ ഉൾപ്പെടുത്തുകയും അവർക്കായി പൊതു വിജ്ഞാന വർദ്ധനവിന് ഉപകരിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുമാണ്.

## വേനൽക്കിളികൾ
### കുട്ടികളുടെ കലാജാഥ

മധ്യവേനലവധിക്കാലത്ത് കുട്ടികൾ സ്കൂൾ പരിധിയിലെ വ്യത്യസ്ഥ പ്രദേശങ്ങളിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നു. പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യം ജനങ്ങളിൽ ബോധ്യപ്പെടുത്തുന്ന വിധത്തിൽ സംഘടിപ്പിക്കുന്ന ഈ പരിപാടിക്കായി മധ്യവേനലവധിക്കാലത്ത് ആദ്യത്തെ ആഴ്ചയിൽ പരിശീലനക്യാമ്പ് സംഘടിപ്പിക്കുകയും പ്രാദേശിക വിദഗ്ധരായ പൂർവ്വവിദ്യാർത്ഥകളേയോ അധ്യാപകരേയോ ഇതിലേക്ക് ക്ഷണിക്കുകയും ചെയ്യേണ്ടതാണ്. സ്കൂൾ പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ അവിടെയുള്ള സംഘാടകസമിതിയുടെ രൂപീകരണത്തിനും ഒരുക്കങ്ങൾക്കു ശേഷം പരിപാടി അവതരിപ്പിക്കുകയും ചെയ്യും. ആവശ്യത്തിനുള്ള പരസ്യ പ്രചരണം മുൻകൂട്ടി നടത്തേണ്ടതാണ്. സ്കൂളിലെ ശബ്ദക്രമീകരണസാമഗ്രികൾ ഇതിനായി ഉപയോഗിക്കാം. ജനറേറ്റർ, കുട്ടികൾക്ക് യാത്രചെയ്യാനാവശ്യമായ വാഹനം തുടങ്ങി രണ്ട് ദിവസത്തെ ചെലവിനത്തിൽ 10000 (പതിനായിരം) രൂപ ആവശ്യമായി വരും. ഇത് പി ടി എയുടേയും തത്പരരായ മറ്റുള്ളവരുടേയും പക്കൽ നിന്ന് കണ്ടെത്തുകയും ചെയ്യും. എല്ലാ വർഷവും

## ഒന്നാം പാഠം
### പരിഹാര ബോധനപരിപാടി

വിവിധ വിഷയങ്ങളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി സ്കൂളിൽ നടത്തപ്പെടുന്ന പരിപാടിയാണ് ഒന്നാം പാഠം. ലഭ്യമാകുന്ന ഒഴിവുസമയങ്ങളെ ഫലപ്രദമായി ഈ പദ്ധതിക്കായി വിനിയോഗിക്കുകയും തയ്യാറാക്കുന്ന പാഠ്യപദ്ധതിപ്രകാരം ഒഴിവുദിവസങ്ങളിൽ അധ്യാപകർ ഇവർക്കായി പഠനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കുട്ടികളെ തെരഞ്ഞെടുത്തതിനുശേഷം ഇവരുടെ രക്ഷിതാക്കളെ പ്രത്യേകം വിളിച്ചുചേർക്കുകയും പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്യുന്നു. തുടർന്ന് രക്ഷിതാക്കളിൽ നിന്ന് ഇതിന്റെ വിജയകരമായ നടത്തിപ്പിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുന്നു. ഇവരുടെ ഇടപെടൽ കൃത്യമായി ഈ പദ്ധതിയെ വിജയകരമാക്കുന്നതിന് സഹായിക്കും. കുട്ടികൾക്കാവശ്യമായ ലഘുഭക്ഷണം ഇവരുടെ നേതൃത്വത്തിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യാം. ക്ലാസ്സെടുക്കേണ്ട അധ്യാപകരേയും മറ്റ് വിദഗ്ദരേയും മുൻകൂട്ടി നിശ്ചയിക്കുകയും കൈകാര്യം ചെയ്യേണ്ട വിഷയത്തെക്കുറിച്ച് വ്യക്തമായ ധാരണ വരുത്തേണ്ടതുമാണ്. ഹെഡ്മിസ്ട്രസ്സ്, എസ് ആർ ജി കൺവീനർ, സ്റ്റാഫ് കൗൺസിൽ സെക്രട്ടറി എന്നിവരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുക.

## ENGLISH

- English Corner
- Writing,– Magazine Making
- Reading – Newspaper, digest, Story books
- Sow & Reap
- Vocabulary development by creating natural situations
- Communication only in English by play way method
- Performing skit

## ഗണിതം

- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനായി സങ്കലന ഗുണനപട്ടികകൾ ഹൃദിസ്ഥമാക്കുന്നു.
- പസിലുകളും നമ്പർ ചാർട്ടുകളും ഉപയോഗപ്പെടുത്തുന്നു.
- ദിനാചരണങ്ങൾ ഗണിത ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടുന്നു.
- പ്രായോഗികപ്രാധാന്യമുള്ള ജീവിതഗന്ധി പ്രശ്നങ്ങൾക്ക് പരിഹാരം.
- പഠനോപകരണ നിർമ്മാണ ശില്പശാലകൾ .

# ഹ്രസ്വകാല പ്രവർത്തനവിശദാംശം

## അക്ഷരത്തോണി

അയൽക്കൂട്ട രൂപീകരണം

## പ്രവർത്തനം

പ്രാദേശിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി പ്രാദേശിക പഠനക്കളരി രൂപീകരണത്തിലൂടെ കുട്ടികൾക്ക് പ്രത്യേക പരിശീലന പരിപാടി. ഭാഷയിലും ഗണിതത്തിലും പ്രാഥമിക പാഠങ്ങളിൽ പിന്നോക്കാവസ്ഥ നിലനിൽക്കുന്ന കുട്ടികൾക്കായി നടത്തുന്ന പ്രത്യേക പഠന പദ്ധതിയാണിത്. സാമൂഹികമായി വിദ്യാലയത്തെ ബന്ധപ്പെടുത്തുന്നതിന് സജീവമായ ഈ പ്രവർത്തനം ഇടവരുത്തുന്നു.

രക്ഷിതാക്കളുടേയും അധ്യാപകരുടേയും സാന്നിധ്യം ക്ലാസ്സുകളിൽ ഉറപ്പാക്കുകയും പൂർവ്വവിദ്യാർത്ഥികളുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്യും. കുട്ടികൾക്ക് എല്ലാ ദിവസവും ലഘു ഭക്ഷണം തയ്യാറാക്കി എത്തിക്കുന്നതിന് രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തിയാണ് പരിപാടി നടപ്പിലാക്കുക.കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ പി ടി എ യുടെ സഹായത്തോടെ എത്തിക്കുകയും ചെയ്യും. സ്കൂൾ പരിധിയിലെ ആദിവാസി കോളനികൾക്ക് അയൽകൂട്ടങ്ങൾക്ക് മുൻഗണന നല്കും. പ്രാദേശിക പരിഗണന അർഹിക്കുന്ന മറ്റ് സ്ഥലങ്ങളിലും അയൽക്കൂട്ടങ്ങൾ രൂപീകരിക്കും.

പഠനപ്രവർത്തനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി രൂപീകരിക്കുകയും കൃത്യമായ വിലയിരുത്തൽ നടത്തുകയും ചെയ്യും.

കാലയളവ് 4 മാസം

വിലയിരുത്തൽ : ഹെഡ്മിസ്ട്രസ്, സീനിയർ അസിസ്റ്റന്റ്, എസ്.ആർ.ജി കൺവീനർ, പി.ടി.എ പ്രസിഡണ്ട്

പ്രതീക്ഷിത ചെലവ് 3000(മൂവായിരം രൂപ)

ഈ പദ്ധതിയ്ക്ക് ആവശ്യമായി വരുന്ന സാമ്പത്തികം പി.ടി. എ യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും സമയാനുബന്ധമായ ഇടപെടലുകൾ നടത്തുകയും ചെയ്യും.

# ദീർഘകാല പ്രവർത്തനം

## സൈക്കിൾ പരിശീലനം



### പ്രവർത്തനം

സ്കൂളിലെ മുഴുവൻ കുട്ടികളേയും സൈക്കിൾ സവാരി ചെയ്യുന്നതിന് ശേഷിയുള്ളവരാക്കി മാറ്റുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

പൂർവ്വ വിദ്യാർത്ഥികളുടേയും സർക്കാർ സേവനങ്ങളുടേയും സഹായത്തോടെ 2 വർഷങ്ങൾകൊണ്ട് സൈക്കിളുകൾ സ്കൂളിൽ വാങ്ങുക എന്നതാണ് ആദ്യമായി ചെയ്യേണ്ടത് . സൈക്കിൾ പരിശീലനം നേടിയ കുട്ടികളുടേയും തെരഞ്ഞെടുത്ത രക്ഷിതാക്കളുടേയും അധ്യാപകരുടേയും നേതൃത്വത്തിൽ കുട്ടികളെ സൈക്കിൾ സവാരി അഭ്യസിപ്പിക്കുകയും ചെയ്യുന്നു. കുട്ടികൾക്ക് ആത്മവിശ്വാസവും സ്വയം പര്യാപ്തതയും നേടിയെടുക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധിക്കുന്നു.

4–ാം തരം മുതലുള്ള കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. മുഴുവൻ പെൺകുട്ടികൾക്കും ഇതിനുള്ള അവസരമൊരുക്കുമെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മൂന്ന് വർഷമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഇതൊരു തുടർപ്രവർത്തനമായി നടത്തുകയും ചെയ്യും.

ഈ പദ്ധതിയുടെ വിലയിരുത്തൽ ക്രമാനുഗതമായി ക്ലാസ്സ് അധ്യാപകരും ഹെഡ്മിസ്ട്രസ്സും ചുമതലപ്പെടുത്തിയിട്ടുള്ള രക്ഷിതാക്കളും നടത്തുന്നതാണ്.

പ്രതീക്ഷിത ചിലവ് 30,000 (മുപ്പതിനായിരം രൂപ)

പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും ആധുനിക മാധ്യമങ്ങളിലൂടെ അഭ്യർത്ഥിച്ചും സംഘടനയുടെ യോഗം വിളിച്ചുചേർത്തും ഇതിനുള്ള ഫണ്ട് രൂപീകരിക്കുകയും ചെയ്യും.

# ശാസ്ത്രം

ലബോറട്ടറി വിപുലീകരണം

പ്രകൃതിയുമായി ബന്ധപ്പെടുത്തിയുള്ള പഠനം

വിദ്യാലയ പരിസരം–ശാസ്ത്ര പുസ്തകം

ശാസ്ത്ര പ്രതിഭകളെ പരിചയപ്പെടൽ

ഫീൽഡ് ട്രിപ്പ്

പ്ലാനറ്റോറിയം സ്കൂളിൽ തന്നെ സജ്ജീകരിക്കുന്നു.

വർക്ക്ഷോപ്പ്– പഠനോപകരണ നിർമ്മാണം,

SCIENCE

പരീക്ഷണ നിരീക്ഷണങ്ങൾ

ഒളിച്ചെപ്പ്–
ഓരോമാസത്തിലും ഓരോ ഔഷധസസ്യത്തെ പരിചയപ്പെടുന്നു.

നമുക്കു നമ്മെ അറിയാം–
മനുഷ്യശരീരത്തെ,
രോഗങ്ങളെ പരിചയപ്പെട്ട് ആൽബം തയ്യാറാക്കുന്നു.



designed by freepik.com

# സാമൂഹ്യ ശാസ്ത്രം

സ്ഥലനാമ ചരിത്രങ്ങൾ, പ്രാദേശിക ചരിത്രങ്ങൾ, അനുഭവക്കുറിപ്പുകൾ എന്നിവ ക്രിയാത്മകമായി തയ്യാറാക്കുന്നതിന് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

ചാർട്ട്, മാപ്പ്, ഗ്ലോബ് നിർമ്മാണം

ഭൂപട നിരീക്ഷണം

ചർച്ചകൾ

സെമിനാറുകൾ

പഴമയുടെ പുതുമ–ഉപകരണപരിചയം

ഫീൽഡ് ട്രിപ്പ്

വനനിർമ്മാണം

ഉറവിടം തേടി യാത്ര – പുഴ, ചരിത്ര സ്മാരകങ്ങൾ

തേടാം അറിയാം– ഭൂപട പഠനം

എല്ലാ ക്ലാസ്സുകളിലും ലോക ഭൂപടം

പ്രദർശനങ്ങൾ–ഉല്പന്നങ്ങൾ, സൃഷ്ടികൾ

# St. Sebastian's U. P. S
## AMP - Malayalam Class -1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | * പാട്ടും കഥകളും പറയാൻ അവസരം നൽകുന്നു.<br>* അക്ഷരകാർഡ് നൽകി അക്ഷരങ്ങൾ വായിപ്പിക്കുന്നു.<br>* അക്ഷര മരം നിർമ്മാണം<br>* ചെറുവാക്യങ്ങളിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും പരിചയപ്പെടുന്നു.<br>*വായന കാർഡുകൾ നൽകി വായിപ്പിക്കുന്നു. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ എസ് ആർ ജി രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ |
| പേശി വികാസം | * ചെറുപരീക്ഷണങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നു. | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ എസ് ആർ ജി രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ എസ് ആർ ജി രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന ശേഷി വികസനം | * ക്ലാസ് ലൈബ്രറി നിർമ്മാണം | ജൂലൈ | ക്ലാസ് ടീച്ചർ എസ് ആർ ജി രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ എസ് ആർ ജി രക്ഷിതാക്കൾ |
| | * വായനാവാരം | ജൂലൈ -മാർച്ച് | | |
| | * കഥ പറയാം ക്ലാസിൽ കുട്ടികൾ കേട്ട കഥ വീട്ടിൽ പോയി പറയുകയും, രക്ഷിതാക്കൾ പറഞ്ഞു കൊടുക്കുന്ന കഥകൾ കുട്ടികൾ ക്ലാസ്സിൽ വന്ന അവതരിപ്പിക്കുകയും ചെയ്യുന്നു. | ജൂലൈ- ഡിസംബർ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| ലേഖന വികസനം | * ഡയറി എഴുതൽ | ആഗസ്റ്റ് - മാർച്ച് | ക്ലാസ് ടീച്ചർ എസ് ആർ ജി രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ എസ് ആർ ജി രക്ഷിതാക്കൾ |
| | * പദനിർമ്മാണം | ആഗസ്റ്റ് - മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ |
| | | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന ശേഷി വികസനം | * വായന കാർഡ് നൽകി വായിപ്പിക്കുന്നു<br>* ടെക്സ്റ്റ് ബുക്ക് വായന | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ എസ് ആർ ജി രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ . എസ് ആർ ജി രക്ഷിതാക്കൾ |
| ലേഖന വികസനം | * പദ നിർമാണം | ആഗസ്റ്റ് - മാർച്ച് | ക്ലാസ് ടീച്ചർ എസ് ആർ ജി രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ എസ് ആർ ജി |
| | * ചിത്രം നൽകി വാക്യങ്ങൾ രൂപീകരിക്കുന്നു | ആഗസ്റ്റ് - ഡിസംബർ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ |
| പേശി വികസനം | * പാട്ട്, കഥ, സംഭാഷണം എന്നിവ ഭാവാഭി നയത്തോടെ അവതരിപ്പിക്കുന്നു. | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ എസ് ആർ ജി രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ |
| | * നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ എസ് ആർ ജി |
| | | | | |

# ഗണിതം

STD I

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | [illegible] | SSA |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ് | സെപ്തംബർ | ക്ലാസ് ടീച്ചർ | |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ<br>English ബാലസഭ<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് – II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ<br>2) ലഘുപതിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | [illegible]<br>മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയുണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചനകൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തികൾ | SRG<br>SMC |

STD-3



# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |



jibin550@gmail.com

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾ ക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |



jibin550@gmail.com

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# ACADEMIC MASTER PLAN
# 2025-26
# CLASS IV
# പരിസര പഠനം

## ആമുഖം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. 2025- 26 അധ്യയന വർഷത്തിൽ നാലാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

| ക്രമ നമ്പർ | പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തിയെടുക്കുക | ഒരു തൈ നടാം | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടീൽ , നട്ടവൃക്ഷ തൈ പരിപാലിക്കൽ | ജൂൺ- ജൂലൈ ആഗസ്റ്റ് |
| | | പോസ്റ്റർ നിർമ്മാണം | പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ പരിസരങ്ങളിൽ പതിക്കൽ | |
| | | പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം പ്രത്യേകതകൾ മനസ്സിലാക്കാം,, വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം ജീവികളുടെ പരസ്പര ആശ്രയത്വം ചർച്ച, നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം സ്വയം തിരുത്താം, പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം | |
| | | പൂന്തോട്ടം ഒരുക്കാം | സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ, വീട്ടിൽ പൂന്തോട്ടം ഒരുക്കാം | |

| | | | | |
|---|---|---|---|---|
| | | പരിസര നടത്തം | നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം<br>മലിനീകരണം മൂലം ഉള്ള പ്രശ്നങ്ങൾ കണ്ടെത്താം<br>പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | |
| 2 | വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ക്ലാസ് തലത്തിൽ ശുചിത്വ മത്സരം | വ്യക്തി ശുചിത്വം,ക്ലാസ്റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |
| | | നല്ല ശീലങ്ങൾ | പോസ്റ്ററുകൾ തയ്യാറാക്കാം പരിസരങ്ങളിൽ പതിക്കാം | |
| 3 | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | ഫീൽഡ് ട്രിപ്പ് | നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു ( വയൽ,കുളം ) | ഡിസംബർ -മാർച്ച് |
| | | പരീക്ഷണങ്ങൾ | ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | |
| | | പക്ഷി നിരീക്ഷണം | പക്ഷി നിരിക്ഷണത്തിന് അവസരം | |

# ACADEMIC MASTER PLAN
# 2025-26
# CLASS IV
# ENGLISH

| Learning outcomes | Activity | Activity Details | Duration |
|---|---|---|---|
| Describes the pictures | picture description | The teacher shows a picture,discussion, the children talk about the picture.<br>slow learners<br>gives opportunity to express their idea in Malayalam | June -July |
| Arranges word in alphabetical order | dictionary | Introducing the dictionary<br>gives words<br>arranging words in alphabetical order | August |
| Adds more exchanges to the conversation suitable to the context | conversation | Reading the conversation<br>conversation is acting with the friends<br>Adds more exchanges to the conversation<br>slow learners<br>gives opportunity to express their idea in Malayalam | September |
| Identifies rhyming words from the poem<br>Adds lines to a poem following a set pattern | Add more lines | Plays the audio of song<br>Let the learner sing after the audio<br>adds lines to the poem<br>Reads<br>and understands the given stories and poems -let's read | October |
| Reads<br>and understands the given stories and poems | let's read | Provide the opportunity to read simple stories and poems<br>they tell the story they read | November |
| Make simple riddles | riddles | Gives children the opportunity to hear and answer simple riddles | December |
| Reading skills | Reading | Newspaper reading<br>Library books reading<br>Speaking skills | January |

| | | | |
|---|---|---|---|
| | | Descriptions growing sentences picture reading picture description quiz riddles | |
| Writing skills | Writing | Writing skills Make word work picture description make words and sentences develop story diary letter announcement magazines | February |
| simple project work given | project work | Data collection | March |

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

## മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാ പരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ, | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം... | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമദിനാചരണങ്ങൾ- സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – യു.പി

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയാസംവേദനം നടത്തുവാനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ(കഥ, കവിത,യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>**ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം, എന്നിവ വളർത്തുന്നു.<br>**വാക്കുകളിൽ നിന്ന് വാക്യങ്ങളിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടെയും വാക്കുകളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | പത്രം, ആഴ്ചപതിപ്പ്, മാസിക എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | വർഷം മുഴുവൻ | | |

| | | | | |
|---|---|---|---|---|
| | **ഏകാഭിനയം**<br>കുട്ടികൾ ഓരോരുത്തരും ഓരോ പൂക്കളായി സ്വയം പരിചയപ്പെടുത്തി അഭിനയിക്കുന്നു. | ജൂൺ | | |
| | **മഴയനുഭവം**<br>കുട്ടികൾ അവരുടെ മഴയനുഭവം വർണ്ണിച്ചെഴുതുന്നു. | ജൂലൈ | | |
| | **യാത്രാനുഭവം തയ്യാറാക്കുക**<br>യാത്ര പോയ സ്ഥലത്തെ പ്രത്യേകതകൾ, കാഴ്ചകൾ, ഇഷ്ടപ്പെട്ട പരിചയപ്പെട്ട വ്യക്തികൾ, സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുത്തി യാത്രാവിവരണം തയ്യാറാക്കുക. | ജൂലൈ | | |
| | **വാർത്താലോകത്തേക്ക്**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | വർഷത്തിൽ 4 തവണ | | |
| | **ക്വിസ് മത്സരം**<br>പത്രവാർത്തകൾ, അതാത് മാസത്തെ പ്രധാനസംഭവങ്ങൾ, ക്ലാസ് ലൈബ്രറി എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | മാസത്തിൽ 1 | | |
| 3. സാഹിത്യകൃതികളോടും സാഹിത്യകാരൻമാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകവഴി പഠിതാക്കളുടെ സർഗ്ഗാത്മശേഷി വളർത്തൽ | **അഭിമുഖം**<br>പ്രദേശത്തെ മികച്ച കർഷകനുമായുള്ള അഭിമുഖം | | | |

| | | | | |
|---|---|---|---|---|
| | **ചോദ്യാവലി തയ്യാറാക്കൽ**<br>കുമ്മാട്ടിപോലുള്ള കലാരൂപങ്ങൾ കെട്ടുന്നു. കലാകാരൻമാരോട് സംവദിക്കാൻ ചോദ്യാവലി തയ്യാറാക്കൽ | നവംബർ | മലയാളം അധ്യാപകർ | |
| 4. പഠിതാക്കളുടെ സർഗ്ഗശേഷിയെ പരിപോഷിപ്പിക്കുന്ന ശേഷി വളർത്തൽ | **കഥാപാത്രനിരൂപണം**<br>പാഠഭാഗത്തെ കഥാപാത്രങ്ങളുടെ കഥാപാത്ര നിരൂപണം തയ്യാറാക്കൽ<br>**കവിത രചന**<br>പ്രപഞ്ചം മുഴുവൻ വർണ്ണചിറകു വിടർത്തി പാറി വരുന്ന പൂമ്പാറ്റയെ കവിതയായി എഴുതാം<br>**കഥാ രചന**<br>കവിതാ ഭാഗത്തെ കഥയാക്കി മാറ്റി എഴുതി കൂടുതൽ മികവുറ്റതായി മാറ്റുക<br>**വർണ്ണന തയ്യാറാക്കൽ**<br>പ്രകൃതിയിലെ സുന്ദരവസ്തുക്കളെ വർണ്ണിച്ചെഴുതാം( കുന്ന്, തോട്, മൈതാനം, കുന്നിൻ ചെരുവ്, പുഴ, കുളം ....)<br>**മാഗസിൻ തയ്യാറാക്കൽ**<br>മുഴുവൻ പഠിതാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | പാഠഭാഗത്തിനനുസരിച്ച്<br><br>വർഷാവസാനം | മലയാളം അധ്യാപകർ | |
| 5. പഠിതാക്കളുടെ കലാവാസനയെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം**<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽ കാഴ്ച്ചകൾ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട ലഘു നാടകങ്ങൾ<br>• നൃത്തശില്പങ്ങൾ | | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 6. മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | ട്ടുവയൊക്കെ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകൽ<br><br>**<u>ഇ-കമ്പ്യൂട്ടറിംഗ്</u>**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br><br>മുഴുവൻ കുട്ടികളുടെയും സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്നോ രണ്ടോ തവണ<br><br>2 വർഷം | മലയാളം<br>ഐ.ടി<br>അധ്യാപകർ | |

# ACADEMIC MASTER PLAN-ENGLISH – UP

| Aim | Activities | Month | Responsible Person |
|---|---|---|---|
| Provides opportunity to listen to English and respond appropriately. Aims at listening and speaking skills, creating a sense of affection towards English language. | Follow Me If You Can-<br>Making the students listen and respond to the given instructions. | June | English Teachers |
| | Speech Competition-<br>On the topic "Importance of Reading" | June | |
| | Lend Your Ear- Plays audio records and students are given chance to answer the given questions based on the record. | July | |
| | Breaking News- Plays recorded English news and make the students listen the proper accent and pronunciation. | August | |
| | Treasure Hunt- Find and describe the hidden object and help others identify them. | September | |
| | Spelling Bee - Different levels of spelling competition. | October | |
| | One Man Show- Performing 'Mono act" on the given topic. | November | |
| | JAM- Just A Minute<br>Learners are given chance to speak for a minute on the given topic. | December | |
| Build up confidence to use English language. Improving the level of reading and comprehension. | Selected students are given chance to read English news | January | |
| | I Too Can-<br>Reading cards with different levels of difficulty | February | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,....... ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിതശാസ്ത്ര പഠനവും കരകൗശല ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സെൻറ്. സെബാസ്ററ്യൻസ് യു. പി. സ്കൂൾ, കാപ്പാട്

## യു. പി. സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിൻറെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, ഇവ നേടിയെടുക്കൽ. | **കളിയിൽ നിന്ന് കാര്യത്തിലേക്ക്-** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അടിസ്ഥാനതല അറിവ് പരിക്ഷിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഓരോ വിദ്യാർത്ഥിക്കും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| | **ഓർമ്മച്ചെപ്പ്-** അന്തർദേശിയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip - ഐസിടി സാദ്ധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. വിദ്യാലയങ്ങളിൽ നിന്ന്. | അക്കാദമിക വർഷാരംഭം (ജൂലൈ ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | അരങ്ങത്തേക്ക്- ഗ്രാമ സഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്ക ളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷപ്രവർത്തന ങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി ദുരന്തം : നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ നേരിട്ടുള്ള ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമന സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സങ്കടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ പ്രാപതരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി ടി എ |
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നന്മയുടെ നുറുങ്ങുവെട്ടം: പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിതർക്ക് ആശ്വാസഹസ്തമാകുന്നു.<br><br>സൈബർ സുരക്ഷാ അവബോധം : സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 6. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗ ങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കിക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ ,സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7. സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | ഫിൽഡ് ട്രിപ്പ് ,സർവ്വേ;പരിസ്ഥിതി ചർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ ,കണ്ടൽ കാടുകൾ തണ്ണീർത്തടങ്ങൾ ,ജലാശയങ്ങൾ ,കാടുകൾ എന്നിവ സന്ദർശിച്ചു സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ് |
| 8. സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | ക്വിസ് പരിശീലനം:സിവിൽ സർവീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നെടുംവിധം പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരംകൊണ്ട് കണ്ടെത്താൻ കഴിയുന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

UP അടിസ്ഥാന ശാസ്ത്രം

| No | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലയളവ് | ചുമതല | പ്രതീക്ഷിക്കുന്ന ചിലവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | സമീകൃതാഹാരത്തിന്റെ പ്രാധാന്യം | •സമീകൃതാഹാരത്തിന്റെ പാചകക്കുറിപ്പ് മത്സരം<br>•ഭക്ഷ്യമേള | സമീകൃത ആഹാരത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ | ജൂൺ | സയൻസ് ക്ലബ് | 500 | ഹെഡ്മിസ്ട്രസ് |
| 2. | ഫീൽഡ് ട്രിപ്പ് | •നഴ്സറി സന്ദർശനം<br>•ഫാം സന്ദർശനം | അനുഭവ വാധിഷ്ഠിത പഠനം | ജൂൺ | സയൻസ് ക്ലബ് | 1000 | ഹെഡ്മിസ്ട്രസ് |
| 3. | ശില്പശാല | •കാന്തം ഉപയോഗിച്ചുള്ള വിവിധതരം കളിപ്പാട്ട നിർമ്മാണം .<br>•കാന്തം ഉപയോഗിച്ചുള്ള പരീക്ഷണങ്ങൾ | കാന്തത്തിന്റെ ഉപയോഗം നിത്യ ജീവിതത്തിൽ | ജൂലൈ | സയൻസ് ക്ലബ് | 500 | സ്റ്റാഫ് കൗൺസിൽ, പി.ടി.എ. |
| 4 | ആൽബം തയ്യാറാക്കൽ | •വർണ്ണങ്ങൾ നിറഞ്ഞ ബാഹ്യാസ്ഥികൂടമുള്ള പലതരം പ്രാണികളുടെയും വണ്ടുകളുടെയും ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ<br>•ചിപ്പി ,കക്ക ശംഖ് തുടങ്ങിയ ബാഹ്യാസ്ഥികൂടങ്ങൾ ഉപയോഗിച്ച് കരകൗശല വസ്തുക്കളുടെ നിർമ്മാണം . | അസ്ഥികൂടത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് | ആഗസ്റ്റ് | സയൻസ് ക്ലബ് | 1000 | സ്റ്റാഫ്കൗൺസിൽ, പിടിഎ |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ഹെർ ബേറിയം | വിവിധതരം പൂക്കൾ ഉപയോഗിച്ച് ഹെർബേറിയം തയ്യാറാക്കൽ | പൂക്കളുടെ സവിശേഷത മനസ്സിലാക്കാൻ | സെപ്റ്റംബർ | ഹരിത ക്ലബ്ബ് | 100 | ഹെഡ്മിസ്ട്രസ് |
| 6 | സെമിനാർ | •ദന്ത സംരക്ഷണവുമായി ബന്ധപ്പെട്ട് ദന്തഡോക്ടറുടെ സഹായത്തോടെ സെമിനാർ നടത്തുന്നു. | ദന്തസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ | ഒക്ടോടോബർ | ഹെൽത്ത് ക്ലബ് | 1000 | സ്റ്റാഫ് കൗൺസിൽ |
| 7 | അടുക്കളത്തോട്ടം | വിവിധതരം പച്ചക്കറി വിത്തുകൾ ശേഖരിച്ച് അടുക്കളത്തോട്ടം നിർമ്മിക്കുന്നു | വിത്തുകൾ മുളക്കുന്നതിനെ കുറിച്ച് മനസ്സിലാക്കുന്നതിനും,പച്ചക്കറികളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും | നവംബർ | ഹരിത ക്ലബ്ബ് | 1000 | ഹെഡ്മിസ്ട്രസ് |
| 8 | •പഠന യാത്ര<br><br>•ശില്പശാല | •പ്ലാനറ്റോറിയം സന്ദർശിക്കുന്നു<br><br>•റോക്കറ്റ് നിർമ്മാണം ,ബഹിരാകാശ ദൗത്യങ്ങളെ കുറിച്ച് കുറിപ്പ് തയ്യാറാക്കൽ | ബഹിരാകാശ ഗോളങ്ങളെ കുറിച്ച് മനസ്സിലാക്കുന്നതിന്<br><br>ബഹിരാകാശ പദ്ധതികളെക്കുറിച്ച് മനസ്സിലാക്കുന്നതിന് | ഡിസംബർ<br><br>ജനുവരി | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ് | 5000<br><br>300 | സ്റ്റാഫ് കൗൺസിൽ പിടിഎ<br><br>ഹെഡ്മിസ്ട്രസ് ,സ്റ്റാഫ് കൗൺസിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | അഭിമുഖം | കൗമാരകാല ആരോഗ്യവും ഭക്ഷണശീലങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ചോദ്യങ്ങൾ തയ്യാറാക്കി ഡോക്ടറുമായി അഭിമുഖം നടത്തുന്നു | കൗമാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ച് മനസ്സിലാക്കുന്നതിന് | ഫെബ്രുവരി | ഹെൽത്ത് ക്ലബ് | 500 | ഹെഡ്മിസ്ട്രസ് |
| 10 | ശലഭോദ്യാനം | ശലഭങ്ങളെ ആകർഷിക്കുന്ന കൂടുതൽ ചെടികൾ ശലഭോദ്യാനത്തിൽ നട്ടുപിടിപ്പിക്കുക . | വിവിധതരം ശലഭങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ | മാർച്ച് | ഹരിത ക്ലബ്ബ് | 300 | സ്റ്റാഫ് കൗൺസിൽ , പിടിഎ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ❖ 5,6,7 ക്ലാസ് അക്ഷരമുറപ്പിക്കൽ, ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക, പഠിപ്പിച്ചെടുക്കുക | ❖ അക്ഷരമാല ചാർട്ട് പ്രദർശിപ്പിക്കൽ അക്ഷരം രചന കാണിക്കൽ, പുതിയ പദങ്ങൾ പരിചയപ്പെടുത്തൽ, ലഘു കവിതകളിലൂടെ അക്ഷരങ്ങൾ മനസ്സിലാക്കി , ആവർത്തിച്ചുള്ള ആലാപനം , അക്ഷരങ്ങൾ അടിവരയിട്ട് മനസ്സിലുറപ്പിക്കുന്നു. | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | |
| ❖ ഹിന്ദി വായന - തെറ്റു കൂടാതെ വായിക്കാനുള്ള പരിശ്രമം | ❖ നിരന്തരം പുസ്തകങ്ങൾ വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക. ഹിന്ദി ചിത്രകഥകൾ, ഹിന്ദി ഐ.സി.ടി പ്രദർശനം തുടങ്ങിയവയിലൂടെ ഹിന്ദി ഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കുക | ജൂൺ-ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | |
| ❖ ഹിന്ദി സംസാരം- ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കുക. നിത്യ ജീവിതത്തിൽ ആവശ്യം വരുന്ന കാര്യങ്ങൾ ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തൽ | ❖ ക്ലാസ്സിൽ ഹിന്ദിയിൽ സംസാരിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കുക, ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ ചോദിക്കുക<br>❖ മത്സരവായന നടത്താനുള്ള അവസരം ഉണ്ടാക്കുന്നു. സമ്മാനം നൽകുന്നു | | | |

| | | | | |
|---|---|---|---|---|
| | | • ഐ.സി.ടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | | |
| 4. | വായനാലോകം(കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ) | • തിരഞ്ഞെടുത്ത ലളിതമായ പുസ്തകശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃത പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻെറ പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക. | നവംബർ, ഡിസംബർ | സംസ്കൃത അധ്യാപിക |
| 5. | സംസ്കൃത എഴുത്ത്, ഭാഷാപഠനം, പ്രോത്സാഹനം | • മാസിക നിർമ്മാണം<br>• ചാർട്ട് നിർമ്മാണം<br>• ഭാഷാപ്രയോഗം<br>• സംസ്കൃതത്തിലുള്ള അവതരണം<br>• പുസ്തകവായന<br>• പുസ്തകശേഖരണം | ജനുവരി, ഫെബ്രുവരി, മാർച്ച് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഉറുദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| **വായന**<br>ഉറുദു ഭാഷ വായിക്കുക, അക്ഷരങ്ങൾ ഉറപ്പിക്കൂ, ഭാഷയോട് താൽപ്പര്യം ജനിപ്പിക്കുക | വായന കാർഡ്, ചുവർ ചിത്രങ്ങൾ, കൂട്ടി വായന, അധിക വായന, വായനമത്സരം | ഒരു വർഷം |
| **എഴുത്ത്**<br>അക്ഷരം എഴുതാൻ പഠിക്കുക, വാചകം നിർമ്മിക, കോപ്പി എഴുത്ത്, കവിതകളും ,കഥകളും, സംഭാഷണങ്ങളും തയ്യാറാക്കുക, പദങ്ങൾ എഴുതുക | ആവർത്തിച്ചെഴുതുക, കയ്യെഴുത്ത് മത്സരം, നോട്ട് തയ്യാറാക്കുക, പദനിർമ്മാണം, ഡിക്ഷ്ണറി നിർമ്മാണം | ഒരു വർഷം |
| **സർഗാത്മികം**<br>ഉർദു ഭാഷ അവതരിപ്പിക്കാൻ എഴുത്തിലൂടെയും പാട്ടിലൂടെയും അഭിനയം, കളി എന്നിവയിലൂടെയും ഉറുദു പഠനം എളുപ്പമാക്കുക | കവിതകൾ ഈണത്തിൽ പാടുന്നു. സംഭാഷണം റോൾ പ്ലേ ആയി അവതരിപ്പിക്കുക, കവിത മത്സരം, കഥാമത്സരം എന്നിവ നടത്തുക | ഒരു വർഷം |

# സെൻറ് സെബാസ്റ്റ്യൻസ് യു.പി സ്കൂൾ കാപ്പാട്
# കൊളക്കാട് പി.ഒ




## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26